**ARCHDIOCESE OF TRICHUR**

**Sunday Catechism Scholarship Examination - 15 April 2014**

**Std. X** **Time: 2 hrs. Marks: 50**

**I.** **ഉത്തരമെഴുതുക** **30x1/2 = 15 Marks**

1. ദൈവപിതാവിന്റെ സുവിശേഷം?
2. ക്രിസ്ത്യാനികളെ അവരുടെ വിശ്വാസത്തിന്റെ പേരിൽ പീഡിപ്പിക്കാൻ ആരംഭിച്ച റോമൻ ചക്രവർത്തി?
3. സഭയുമായി ഐക്യമില്ലാതെ വിഘടിച്ചു നില്ക്കുന്നതിന് പറയുന്ന പേര്?
4. കുടുംബപ്രേഷിതത്വത്തിന്റെ ഉത്തമ മാതൃക?
5. സഭയുടെ സ്വഭാവത്തെ ദ്യോതിപ്പിക്കാനായി അപ്പസ്തോലപ്രവർത്തനങ്ങൾ എന്ന ഗ്രന്ഥത്തിൽ ഉപയോഗിച്ചിരിക്കുന്ന പദം?
6. പെന്തക്കുസ്താദിനത്തിൽ പ്രാർത്ഥനാനിമഗ്നരായിരുന്ന ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവ് ഇറങ്ങി വന്നത് എത്രാം മണിക്കൂറിലാണ്?
7. ദളിതരെ എന്റെ കുഞ്ഞുങ്ങൾ എന്ന് വിളിച്ച വാഴ്ത്തപ്പെട്ടവനായ ഇടവക വൈദികൻ?
8. എവിടെ വച്ചാണ് പ്രഥമ പ്രേഷിതനായ ഈശോ തന്റെ പ്രേഷിതദൗത്യം പ്രഖ്യാപിച്ചത്?
9. സഭയ്ക്ക് സ്വാതന്ത്ര്യം ലഭിച്ച മിലാൻ വിളംബരം നടന്ന വർഷം?
10. പ്രേഷിതപ്രവർത്തനത്തെ സംബന്ധിച്ച രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖയുടെ ലത്തീൻ നാമം?
11. "ദൈവത്തിന്റെ നഗരം" എന്ന ഗ്രന്ഥം രചിച്ച സഭാപിതാവ്?
12. ഏത് മാർപാപ്പയുടെ പ്രബോധനരേഖയാണ് "സുവിശേഷ പ്രഘോഷണം"?
13. വിശുദ്ധ ലിഖിതങ്ങൾ വായിക്കുന്നതിനും ഉപദേശങ്ങൾ നൽകുന്നതിനും അദ്ധ്യാപനത്തിലും ശ്രദ്ധാലുവായിരിക്കണം എന്നു വിശുദ്ധ പൗലോസ് ശ്ലീഹാ ഉദ്ബോധിപ്പിക്കുന്ന ഇടയൻ?
14. ചാവറ കുരിയാക്കോസ് ഏലിയാസച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ച മാർപാപ്പ?
15. ശ്ലീഹന്മാരിൽ രക്തസാക്ഷിയാകാതെ മരണം വരിച്ചുവെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്ന ശ്ലീഹ?
16. സ്നേഹത്തിലൂടെ പ്രവർത്തനനിരതമാകുന്ന വിശ്വാസമാണ് സുപ്രധാനം എന്നു ഉദ്ബോധിപ്പിക്കുന്ന ശ്ലീഹ?
17. സീറോ മലബാർ ഹയരാർക്കി സ്ഥാപിച്ച മാർപാപ്പ?
18. സുറിയാനി സഭാപിതാക്കന്മാരിൽ ഏറ്റവും പ്രസിദ്ധൻ?
19. കുടുംബസമേതം മാമ്മോദീസ സ്വീകരിച്ച് ഈശോയുടെ പ്രേഷിതരായിത്തീർന്ന ആദിമസഭയിലെ കുടുംബം?
20. തിരുബാലസഖ്യത്തിന്റെ ആപ്തവാക്യം?
21. ആർക്കാണ് ശുശ്രൂഷാപൗരോഹിത്യത്തിന്റെ പൂർണ്ണത നല്കിയിരിക്കുന്നത്?
22. സ്ത്രീകൾക്കുവേണ്ടി ഭാരതത്തിൽ രൂപംകൊണ്ട ആദ്യത്തെ സന്യാസിനി സമൂഹം?
23. ആധുനികകാലഘട്ടത്തിൽ ഈശോയെപ്പോലെ ലോകത്തിന്റെ മനസാക്ഷി?
24. വിശുദ്ധി നേടാനുള്ള ഒന്നാമത്തെ മാർഗ്ഗം?
25. സ്നേഹമാണ് സർവോത്കൃഷ്ടം എന്ന് വിശുദ്ധ പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്ന ലേഖനം?
26. ഉന്നതമാനവികതയുടെ പാഠശാല?
27. ഇടവകയിലൂടെ ലോകത്തെ നവീകരിക്കുക എന്ന മുദ്രാവാക്യവുമായി മുന്നേറുന്ന യുവജന സംഘടന?
28. വിൻസെന്റ് ഡി പോൾ സംഘടനയുടെ സ്ഥാപകൻ?
29. സാമൂഹിക തിന്മകൾക്കെതിരെ സുവിശേഷ ശബ്ദം നൽകിയതിന്റെ പേരിൽ ജീവൻ വെടിയേണ്ടി വന്ന ഭാരത മിഷിനറി?
30. സന്യാസ ജീവിതത്തിന്റെ പ്രഥമ ലക്ഷ്യം?

**II** **ഉത്തരമെഴുതുക** **5x2 = 10 Marks**

31. മതബോധന പ്രേഷിതത്വം വഴി ലക്ഷ്യം വെയ്ക്കുന്ന കാര്യങ്ങൾ എന്തെല്ലാം?
32. പ്രാർത്ഥനയുടെ പ്രേഷിതത്വത്തിന് സഭയെ പ്രേരിപ്പിക്കുന്ന അടിസ്ഥാനമെന്ത്? പ്രാർത്ഥനയുടെ പ്രേഷിതത്വത്തിന് മാതൃകകളായ രണ്ട് വിശുദ്ധാത്മാക്കളുടെ പേരെഴുക?
33. ദൈവവചനം സ്വീകരിച്ച് അതിന്റെ പൂർണ്ണതയിൽ ജീവിച്ച വ്യക്തിയാണ് പരിശുദ്ധ കന്യകാമറിയം. വിശുദ്ധഗ്രന്ഥത്തിന്റെ അടിസ്ഥാന ത്തിൽ തെളിയിക്കുക?
34. സ്മിർണായിലെ മെത്രാനായിരുന്ന വിശുദ്ധ പോളിക്കാർപ്പിനെ വധിക്കാനായി നിർത്തിയപ്പോൾ ന്യായാധിപൻ ആവശ്യപ്പെട്ടതെന്ത്? വിശുദ്ധൻ നൽകിയ മറുപടിയെന്ത്?
35. സുവിശേഷപ്രഘോഷകയായ സഭ തന്റെ ദൗത്യം രണ്ടു വിധത്തിൽ നിർവ്വഹിക്കുന്നു. ഏതെല്ലാം?

**III** **ഉത്തരമെഴുതുക** (ബൈബിൾ പഠനസഹായി)

36. പഴയനിയമത്തിലെ അവസാന പുസ്തകത്തിന്റെ പേര്? **1 Mark**
37. ഈശോയുടെ അന്ത്യഅത്താഴ സംഭവം രേഖപ്പെടുത്തിയരിക്കുന്ന ലേഖനം? **1 Mark**
38. പിശാചുക്കൾ വഴിതെറ്റിയ മാലാഖമാരാണ് എന്ന സൂചന നൽകുന്ന ലേഖനം? **1 Mark**
39. പൗലോസ്ശ്ലീഹാ എഴുതിയ ലേഖനങ്ങളിൽ മൂന്നെണ്ണം വ്യക്തികൾക്കുള്ളതാണ്. ആ വ്യക്തികളുടെ പേരെഴുതുക? **3 Marks**
40. പഴയനിയമ പുസ്തകങ്ങളിൽ പ്രബോധനപരമായ നാലു പുസ്തകങ്ങളുടെ പേരെഴുതുക? **4 Marks**

**IV** **ഉത്തരമെഴുതുക** (Special Portion: കത്തോലിക്കാസഭ)

41. പാപമോചനം വിശ്വാസവുമായി ബന്ധപ്പെട്ടിരിക്കുന്നു. വ്യക്തമാക്കുക. **3 Marks**
42. എന്താണു സ്വർഗ്ഗം? കത്തോലിക്കാസഭയുടെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തമാക്കുക. **3 Marks**
43. മാതാവിന്റെ സ്വർഗ്ഗാരോപണം നമുക്ക് പ്രത്യാശ നൽകുന്ന ഒരു വിശ്വാസസത്യമാണ്. എന്തുകൊണ്ട്? **4 Marks**

**V** **ഉത്തരമെഴുതുക** **5 Marks**

44. ഇന്നത്തെ സമൂഹത്തിൽ പ്രേഷിതപ്രവർത്തനം നേരിടുന്ന പ്രതിസന്ധികൾ എന്തെല്ലാം? പ്രതിസന്ധികളെ നേരിട്ട് ഒരു യഥാർത്ഥ പ്രേഷിതനാകാൻ ചെയ്യേണ്ട കാര്യങ്ങൾ എന്തെന്ന് വിശദമാക്കുക.

**14. 15. "IE. 1?. 13. 19. 2E}. 21. 22. 23. 24. 25. 26. 27. 23. 29. 30. II 31. 32.**

33.

**34.**

44.

**ARCHDIOCESE 0F TRICHUR Sunday Catechism Scholarship Examination - 15 April 2014**